മാധ്യമം
30-10-2025

# ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

കോഴിക്കോട് : ജില്ലാ ത്രോബോൾ അസോസിയേഷൻ സംഘടിപ്പിക്കുന്ന പതിനൊന്നാമത് ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ് നവംബർ 6 ന് വടകര നാരായണ നഗരം, ഗ്രൗണ്ടിൽ വെച്ച് നടക്കുന്നതാണ്. www.throwballkerala.com എന്ന വെബ് സൈറ്റിൽ റജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9562620035 എന്ന നമ്പറിൽബന്ധപ്പെടണമെന്ന് ജില്ലാ ത്രോബോൾ.അസോസിയേഷൻ സെക്രട്ടറി ടി.യു ആദർശ് അറിയിച്ചു.

ദേശാഭിമാനി
10-11-2025
Page :2

ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്

# ഡിസ്ട്രിക്ട് ഇലവനും സെന്റ് ആന്റണീസ് വടകരയും ജേതാക്കൾ



ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ ജേതാക്കളായ വടകര സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂൾ ടീമിന് ജില്ലാ ത്രോബോൾ അസോസിയേഷൻ സെക്രട്ടറി ടി യു ആദർശ് ട്രോഫി സമ്മാനിക്കുന്നു

**കോഴിക്കോട്**

വടകര നാരായണ നഗർ സ്റ്റേഡിയത്തിൽ നടന്ന ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ് പുരുഷ വിഭാഗത്തിൽ ഡിസ്ട്രിക്ട് ഇലവനും വനിതാ വിഭാഗത്തിൽ വടകര സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂളും ജേതാക്കളായി. പുരുഷ, വനിതാ വിഭാഗങ്ങളിൽ സിഎം സിറ്റി കാലിക്കറ്റ് രണ്ടാം സ്ഥാനം നേടി. അസോസിയേഷൻ സെക്രട്ടറി ടി യു ആദർശ് വിജയികൾക്ക് ട്രോഫി സമ്മാനിച്ചു. അഖിൽ നിസിം, മുഹമ്മദ് ഹാദിഖ്, സ്വാതി, നിരഞ്ജന എന്നിവർ സംസാരിച്ചു.